**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3808 21.06.2018- ൽ മറുപടിക്ക്**

**എം.എസ്.എം.ഇ. മേഖലയിലെ സംരംഭകരുടെ സംരക്ഷണം**

**ചോദ്യം**

**ശ്രീ. എ.പ്രദീപ്കുമാർ**
**,, എം.രാജഗോപാലൻ**
**,, എ.എം.ആരിഫ്**
**,, വി. ജോയി**

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തകർച്ചയിലായിരുന്ന കേരളത്തിലെ വ്യവസായ മേഖലയിൽ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരളത്തിലെ ചെറുകിട വ്യവസായ മേഖലയുടെ വളർച്ചാപ്രോത്സാഹനത്തിനായി താഴെ പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.<br>• നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി<br>• ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണീച്ചർ ഹബ്ബ്<br>• സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി<br>• എംഎസ്എംഇകൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി<br>• സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം<br>• എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി<br>• സംരംഭകത്വ സഹായ പദ്ധതി<br>• പശ്ചാത്തല വികസന പദ്ധതികൾ<br>• സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്)<br>• ബിസിനസ്സ് ഇൻകുബേഷൻ സെൻററുകൾ<br>• ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം<br>• സ്കീം ഫോർ റീ ഇംബേഴ്സ്മെൻറ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രീയേറ്റിംഗ് എംപ്ലോയ്മെൻറ് ഇൻ എംഎസ്.എം.ഇ.<br>• അസിസ്റ്റൻസ് സ്കീം ഫോർ ഹാൻറിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ)പദ്ധതി<br>മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലനപരിപാടികൾ, നിക്ഷേപകരുടെ മേളകൾ, |

| | | | |
|---|---|---|---|
| | | | എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു. |
| (ബി) | എം. എസ്. എം. ഇ. മേഖലയുടെ സമഗ്ര വികസനത്തിന് ഈ സർക്കാർ പ്രാവർത്തികമാക്കിയ വ്യവസായ ജാലകം പദ്ധതി എത്ര പ്രയോജനമാകുന്നുവെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ സമ്പത്ത്ഘടനയിൽ നേരിട്ട് പങ്ക് വഹിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സമഗ്ര വികസനം സാധ്യമാക്കി പുതുപദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഈ സംരംഭങ്ങളുടെ വിവര ശേഖരണം അനിവാര്യമാണ്. ഇതിനായി ആവിഷ്കരിച്ച പദ്ധതിയാണ് വ്യവസായ ജാലകം പദ്ധതി 2017-ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ഓരോ സംരംഭത്തിന്റെയും 100 -ൽ പരം വിവരങ്ങൾ ജിയോ ടാഗിംഗ് മുഖേനയും ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള സന്ദർശനം മുഖേനയും ശേഖരിച്ച് വരും വർഷങ്ങളിൽ പദ്ധതി ആസൂത്രണത്തിന് സഹായകരമാകുംവിധത്തിൽ കേരളത്തിലെ വ്യവസായങ്ങളെ സംബന്ധിച്ച ഒരു വിവര നിധി രൂപീകരിച്ചിട്ടുണ്ട്.<br>കൂടാതെ ചെറുകിട സംരംഭങ്ങളുടെ ഉൽപ്പന്ന വിപണ വിപണി കണ്ടെത്തൽ തുടങ്ങിയവയ്ക്കായി പൊതുജനങ്ങൾക്ക് ഒരു മൊബൈൽ അപ്ലിക്കേഷനും ഇതിന്റെ ഭാഗമായി തയ്യാറാക്കി വരുന്നു |
| (സി) | എം.എസ്.എം.ഇ. മേഖലയിലെ സംരംഭകരുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷ പദ്ധതി, പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് പുനരുജ്ജീവന- പുനരധിവാസ പദ്ധതി എന്നിവയെക്കുറിച്ച് വിശദമാക്കാമോ; | (സി) | ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആവിഷ്കരിയ്ക്കുകയും 8/5/2018-ലെ G.O.(Rt)No.526/18/ID പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സംസ്ഥാന വിഹിതവും ഗുണഭോക്താവിന്റെ വിഹിതവും 100 രൂപ വീതമാണ് നടപ്പ സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ദി കേരള സ്ട്രസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആൻറ് റിഹാബിലിറ്റേഷൻ പദ്ധതിക്ക്" GO(Ms)No 38/2018/ID dated:15.05.2018 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രശ്നങ്ങൾ നേരിടുന്ന എം.എസ്.എം.ഇ. കളെ കണ്ടെത്തുകയും, ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും, ലീഡ് ബാങ്ക് മാനേജർ, ജില്ലാ പ്രസിഡൻറ് KSSIA, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, KSEB, ഡെപ്യൂട്ടി കമ്മീഷണർ, GST, റെപ്രസെൻറേറ്റീവ് MSME DI എന്നിവർ അംഗങ്ങളായി (ക്വാറം 5) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന എം.എസ്.എം.ഇ. വികസന കമ്മിറ്റിയാണ് വ്യവസായ മിത്ര.<br>മേൽ പറഞ്ഞിട്ടുള്ള കമ്മിറ്റിയിൽ വച്ചാണ് ഓരോ യൂണിറ്റുകൾക്കും ആവശ്യമായ സഹായം എന്താണെന്ന് കണ്ടെത്തുകയും അത് അനുവദിക്കുകയും ചെയ്യുന്നത്. ധനകാര്യ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടെ ഈ പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നു താഴെ പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതി മൂലം നൽകുന്നത്. |

| | | | |
|---|---|---|---|
| | | | 1. നിലവിലുള്ള വായ്പ അക്കൗണ്ട് പുനഃക്രമീകരണം ചെയ്യുക.<br>2. പുനഃരുദ്ധരിക്കാനാകുന്ന യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചിലവുകൾ നൽകുക.<br>3. നിയമപരമായി അടയ്ക്കേണ്ടതായ ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.<br>4. പുനരുദ്ധാരണ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ, പരമാവധി 10,000/- രൂപ. |
| (ഡി) | നിക്ഷേപ സൗഹൃദ നടപടികളുടെ ഫലമായി ആകർഷിക്കാൻ കഴിഞ്ഞ നിക്ഷേപം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | നിക്ഷേപ സൗഹൃദ നടപടികളുടെ ഫലമായി 2016-17 സാമ്പത്തിക വർഷത്തിൽ 1395.7 കോടി രൂപയുടെയും 2017-18 സാമ്പത്തിക വർഷത്തിൽ 1249.61 കോടി രൂപയുടെയും നിക്ഷേപം സംസ്ഥാനത്ത് നടന്നിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**